## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1031 | 05.02.2020 ൽ മറുപടിയ്ക്ക്

# ഐ.ടി.ഐ.കളിലെ പഠന നിലവാരം ഉയർത്തുന്നതിന് നടപടി

*ചോദ്യം*

ശ്രീ.വി.ടി.ബൽറാം
„ റോജി എം. ജോൺ
„ എം. വിൻസെന്റ്
ശ്രീമതി. ഷാനിമോൾ ഉസ്മാൻ :

*ഉത്തരം*

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| **(എ)** ഐ.ടി.ഐ.കളിൽ കാലഹരണപ്പെട്ട ട്രേഡുകൾ ഒഴിവാക്കി തൊഴിൽ സാധ്യതയുള്ള പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | **(എ)** തൊഴിൽ സാധ്യതയും വ്യാവസായിക ആവശ്യകതയും കുറഞ്ഞ ട്രേഡുകൾ നിർത്തലാക്കി പകരം നൂതനവും വ്യാവസായിക ആവശ്യകത ഏറിയതുമായ ട്രേഡുകൾ ഐടിഐകളിലെ കോഴ്സ് റീവാമ്പിംഗിന്റെ ഭാഗമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ വകുപ്പുതലത്തിൽ കമ്മിറ്റി രൂപീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ Skill Strengthening for Industrial Value Enhancement (STRIVE) മുഖേന തിരഞ്ഞെടുക്കപ്പെട്ട 17 സർക്കാർ ഐ.ടി.ഐ.കളിലും 2 പ്രൈവറ്റ് ഐ.ടി.ഐ.കളിലും തൊഴിൽ സാധ്യതയുള്ള പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| **(ബി)** ഐ.ടി.ഐ.കളുടെ പ്രവർത്തന മികവ്, വിജയ ശതമാനം, ശുചിത്വം, അടിസ്ഥാന സൗകര്യം എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അവയ്ക്ക് ഗ്രേഡിംഗ് നൽകിയിട്ടുണ്ടോ; | **(ബി)** ഉണ്ട്. |
| **(സി)** സർക്കാരിന്റെ കീഴിലുള്ള എത്ര ഐ.ടി.ഐ.കൾക്ക് ഉയർന്ന ഗ്രേഡിംഗ് ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | **(സി)** ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് നടത്തിയ ഗ്രേഡിംഗിൽ 26 സർക്കാർ ഐ.ടി.ഐ.കൾ ഉയർന്ന ഗ്രേഡിംഗ് |

| | |
|---|---|
| | നേടിയിട്ടുണ്ട്. വ്യാവസായിക പരിശീലന വകുപ്പ് നടത്തിയ ഗ്രേഡിംഗിൽ ആദ്യ മൂന്ന് സ്ഥാനക്കാർക്ക് അവർഡ് നൽകിയിട്ടുണ്ട്. |
| **(ഡി)** പഠന മികവ് പുലർത്തുന്ന വിദ്യാർത്ഥികളെ പ്രത്യേക പരിശീലനത്തിനായി വിദേശത്ത് അയയ്ക്കുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ 2019- ൽ എത്ര വിദ്യാർത്ഥികളെ പരിശീലനത്തിനായി അയച്ചുവെന്നും ഏതൊക്കെ രാജ്യങ്ങളിലെന്നും വ്യക്തമാക്കുമോ? | **(ഡി)** ഉണ്ട്. ഇന്ത്യ സ്കിൽസ് കേരള 2018 മത്സരങ്ങളിൽ വിജയം കരസ്ഥമാക്കിയ 57 ഐ.ടി.ഐ പരിശീലനാര്‍ത്ഥികളെ സിംഗപ്പൂരിലുള്ള ഇന്‍സ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കല് എഡ്യൂക്കേഷന് എന്ന സ്ഥാപനത്തില് പരിശീലനത്തിന് അയച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ